(ഇ) ഇവിടേയ്ക്ക് ആവശ്യമുള്ള വെള്ളം എവിടെ നിന്നാണ് എടുക്കുന്നത് എന്നറിയിക്കാമോ;

(എഫ്) പ്രസ്തുത കമ്പനിയുണ്ടാക്കുന്ന വാട്ടർ തീം പാർക്കിനുവേണ്ടി ഉപയോഗിച്ച ക്ലോറിൻ കലർത്തിയ വെള്ളം എങ്ങോട്ടാണ് ഒഴുക്കിവിടുന്നത് ;

(ജി) ഇത് പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22.50 ഏക്കർ സ്ഥലം അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണത്തിനായി കമ്പനിയുടെ ഉടമസ്ഥതയിലുണ്ട്. ഇതിൽ ഏകദേശം 3 ഹെക്ടർ സ്ഥലത്ത് അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണത്തിനായി ഭാഗികമായി കുന്നിടിച്ച് നിരത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇപ്പോഴത്തെ അവസ്ഥയിൽ ജലക്ഷാമം ഉണ്ടാകുമോ എന്ന് പറയാനാകില്ല.

(ഇ) അമ്യൂസ്മെന്റ് പാർക്ക് ആരംഭിക്കാത്ത സ്ഥിതിക്ക് ചോദ്യം ഉദിക്കുന്നില്ല.

(എഫ്) & (ജി) വാട്ടർ തീം പാർക്ക് പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

നഗരസഭാ നികുതിയിൽ നിന്നും ഒഴിവാക്കാൻ നടപടി

121 [1648] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദംകുളത്ത് നടത്തുന്ന സെവൻസ് ഫുട്ബോൾ ടൂർണമെന്റിനെ, മുനിസിപ്പാലിറ്റി ടാക്സിൽ നിന്ന് ഒഴിവാക്കണമെന്ന് ഏതെങ്കിലും സ്ഥാപനം നിവേദനം തന്നിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരത്തിൽ ഇളവ് നൽകരുതെന്ന് കുന്ദംകുളം മുനിസിപ്പൽ കൗൺസിൽ നിവേദനം നൽകിയിട്ടുണ്ടോ;

(ഡി) മുനിസിപ്പൽ കൗൺസിലിന്റെ ആവശ്യം നിഷേധിക്കുവാൻ കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ടിലെ സെക്ഷൻ '7 എ' വകുപ്പ് പ്രകാരം ഫുട്ബോൾ മേളയെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് നല്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ടിലെ സെക്ഷൻ '7 എ' പ്രകാരം സർക്കാരിന് ഒരു പൊതു ഉത്തരവ് വഴിയോ ഒരു പ്രത്യേക ഉത്തരവ് വഴിയോ ഏത് തരം വിനോദ പരിപാടിയേയും വിനോദനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകാവുന്നതാണ്. പ്രസ്തുത അധികാരം ഉപയോഗിച്ചാണ് സർക്കാർ വിനോദ നികുതിയിളവ് നല്കിയിട്ടുള്ളത്.

കൊച്ചി നഗരസഭയ്ക്ക് ഒരു മാസ്റ്റർ പ്ലാൻ

122 [1649] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭയ്ക്ക് ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കുന്നതിന് സംസ്ഥാന ഗവൺമെന്റും നഗരസഭയും തമ്മിൽ ധാരണയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് സഹായമാണ് സംസ്ഥാന സർക്കാർ കൊച്ചി നഗരസഭയ്ക്ക് ഈ കാര്യത്തിൽ നൽകുന്നത് എന്ന് വിശദമാക്കാമോ;

(സി) എത്ര സമയംകൊണ്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ സാധിക്കുമെന്ന് പറയാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എന്തു സഹായം നൽകുമെന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

(സി) ആറുമാസത്തിനകം തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.

കൊച്ചി നഗരവികസനത്തിന് ഉന്നതതല സംവിധാനം

123 [1650] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിന്റെ സമഗ്രമായ വികസനത്തിന് ഉന്നതതല സംവിധാനം ഏർപ്പെടുത്തുമോ;

(ബി) എങ്കിൽ എന്തായിരിക്കും ഈ സംവിധാനം എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly